KERALA MARITIME BOARD

(A Statutory Board of Government of Keralam)

Head Office: TC XXII/1666 (4&5), 1st Floor, Mulamoottil Building,
Pipinmoodu, Sasthamangalam, Thiruvananthapuram, Keralam – 695010.

Website: www.kmb.kerala.gov.in / E-mail: ceo.kmb@kerala.gov.in / Tel: 0471-2910040

നടപടി ഉത്തരവ്

അഡ്മിനിസ്ട്രേറ്റർ, കേരള മാരിടൈം ബോർഡ്, ശാസ്തമംഗലം തിരുവനന്തപുരം-10

(Geromic George IAS)

വിഷയം : കേരള മാരിടൈം ബോർഡ് – വിഴിഞ്ഞം തുറമുഖത്തെ ധ്വനി ടഗ്ഗിലെ നാവിഗേഷണൽ ഉപകരണങ്ങൾ തകരാറിലായതിനാൽ ആയവ മാറ്റി പുതിയത് സ്ഥാപിക്കുന്നത് - ഭരണാനുമതി അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം :

1. കൊല്ലം തുറമുഖ ഓഫീസറുടെ **11/09/2026**-ലെ **RPOKMB-KLM/389/2025-C1** നം. കത്ത്.
2. **M/s. Navigun pvt Ltd, Kavanad,** കൊല്ലത്തിന്റെ **17/08/2026**-ലെ **Inspection Report & Proposal for Replacement.**

ഉത്തരവ് നമ്പർ : HOKMB-TVM/1085/2026-D1 (Tech) **തീയതി : 10-10-2026**

വിഴിഞ്ഞം തുറമുഖത്തെ ധ്വനി ടഗ്ഗിലെ നാവിഗേഷണൽ ഉപകരണങ്ങൾ തകരാറിലായതിനാൽ ആയവ റിപ്പയർ ചെയ്യാൻ കഴിയാത്തതിനാൽ, മാറ്റി പുതിയത് സ്ഥാപിക്കുന്നതിനുള്ള **2,42,608/-** രൂപയുടെ പ്രൊപ്പോസൽ സൂചന-1 പ്രകാരം തുറമുഖ ഓഫീസർ സമർപ്പിച്ചിരിന്നു.

നാവിഗേഷണൽ ഉപകരണങ്ങളായ എക്കോസൌണ്ടർ, ജി.പി.എസ്/എ.ഐ.എസ്, വി.എച്ച്.എഫ് എന്നിവയുടെ തകരാർ പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനുമായി ടി വിഷയവുമായി ബന്ധപ്പെട്ട് വൈദഗ്ധ്യമുള്ള ടെക്നീഷ്യന്മാരുടെ സേവനം അനിവാര്യമാകയാൽ നാവിഗേഷണൽ ഉപകരണങ്ങൾ വിതരണം ചെയ്യുകയും റിപ്പയർ ചെയ്യുകയും ചെയ്യുന്ന പ്രാദേശിക സ്ഥാപനമായ **M/s. Navigun pvt Ltd, Kavanad,** കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നും ടെക്നീഷ്യന്മാർ **17/08/2026**-ൽ ടഗ്ഗിലെത്തി മേൽ ഉപകരണങ്ങൾ പരിശോധിച്ച് സമർപ്പിച്ച **inspection Report**-ന്റെ അടിസ്ഥാനത്തിൽ മേപ്പടി നാവിഗേഷൻ ഉപകരണങ്ങൾ **Repair** ചെയ്യാൻ സാധിക്കാത്തതിനാലാണ് മേൽ പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്നത്.

മേൽ നാവിഗേഷണൽ ഉപകരണങ്ങൾ ടഗ്ഗ് ലഭ്യമാക്കിയ സമയത്ത് **(2020)** ഘടിപ്പിച്ചിട്ടുള്ളവയാണ്. കൂടാതെ മേൽ പ്രവർത്തി ടഗ്ഗ് റീസർവ്വേ നടത്തുന്നതിനായുള്ള റിപ്പയറിംഗ് പ്രവർത്തികൾക്ക് സമർപ്പിച്ച അഡീഷണൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ലായിരിന്നു.

മേൽ സാഹചര്യത്തിൽ, വിഴിഞ്ഞം തുറമുഖത്തെ ധ്വനി ടഗ്ഗിലെ നാവിഗേഷണൽ ഉപകരണങ്ങൾ തകരാറിലായതിനാൽ ആയവ റിപ്പയർ ചെയ്യാൻ കഴിയാത്തതിനാൽ, മാറ്റി പുതിയത് സ്ഥാപിക്കുന്നതിനുള്ള **2,42,608/-** രൂപയുടെ പ്രൊപ്പോസൽ അംഗീകരിച്ച് ഭരണാനുമതി **"2085 Repairs & Maintenance Port Operational Equipments & Vehicle"**എന്ന ശീർഷകത്തിൽ കേരള മാരിടൈം ബോർഡിന്റെ ജനറൽ ഫണ്ടിൽ നിന്നും കൊല്ലം തുറമുഖ ഓഫീസർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

ടി പ്രവൃത്തി നിലവിലെ **PWD Code**-ലെ വ്യവസ്ഥകൾക്ക് വിധേയമായി കൊല്ലം തുറമുഖ ഓഫീസർ നടപ്പിലാക്കേണ്ടതും ആയതിന്റെ ബില്ലുകളുടെ സക്ഷ്യപ്പെടുത്തിയ പകർപ്പ് ടി കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

Geromic George IAS

CHIEF EXECUTIVE OFFICER

അഡ്മിനിസ്ട്രേറ്റർ

To:

തുറമുഖ ഓഫീസർ, കൊല്ലം

പകർപ്പ്:

1. സി.എ ടു സി.ഇ.ഒ
2. സി.എ ടു സി.എഫ്.എ
3. എഫ്. ഒ/ എം.എം.ഇ.
4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (എം), കൊല്ലം.
5. അസിസ്റ്റന്റ് എഞ്ചിനീയർ (മറൈൻ), കൊല്ലം.

Digitally signed by
Geromic George
Date: 10-10-2026
08:27:28